പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1395

11-08-2017 ൽ മറുപടിക്ക്

## ഓണാട്ടുകര പ്രത്യേക സാമ്പത്തിക മേഖല

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | മറുപടി<br>ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) ഈ സർക്കാരിന്റെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'ഓണാട്ടുകര പ്രത്യേക സാമ്പത്തിക മേഖല' ആക്കുന്നതുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ പ്രത്യേക കാർഷിക വികസന മേഖല (SAZ) എന്ന പുതിയ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക കാർഷിക വികസന മേഖല എന്ന ആശയം സംയോജിതവും ഫലപ്രദവുമായി പദ്ധതികൾ തയ്യാറാക്കി കേന്ദ്രീകൃതവും പ്രോജക്ട് അധിഷ്ഠിതവുമായ ഇടപെടലുകളോടെ കണ്ടെത്തിയിട്ടുള്ള സാധ്യതാ മേഖലകളിൽ നടപ്പിലാക്കുന്നതിനായി ഉദ്ദേശിച്ചിട്ടുള്ളതാണ്. ഓണാട്ടുകര പ്രദേശത്തെ, നെൽകൃഷിയുടെ പ്രത്യേക കാർഷിക വികസന മേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ മേഖലയിലെ വിള വികസന പരിപാടികളും മൂല്യവർദ്ധനവ് മുതലായ കാര്യങ്ങളും കൃഷി വകുപ്പ് നടപ്പിലാക്കുന്ന വരുന്ന പദ്ധതികളിൻ കീഴിൽ തന്നെ ഏറ്റെടുക്കുന്നതാണ്. അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് അടിയന്തര ഇടപെടലുകൾക്കുമായി പ്രത്യേക കാർഷിക മേഖല എന്ന പദ്ധതി ശീർഷകത്തിൽ മാറ്റിവെച്ചിട്ടുള്ള തുക വിനിയോഗിക്കാവുന്നതാണ്. വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിക്ക് അംഗീകാരം നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്. |
| ബി) ഇതിനാവശ്യമായ ഭൂമി മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിൽ നിന്ന് ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) ഈ പദ്ധതിയിൽ വിള പരിപാലനം, മൂല്യവർദ്ധനവ്, മറ്റ് അടിസ്ഥാന സൗകര്യ വികസനം എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കർഷകരുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലാണ് പദ്ധതി പ്രാവർത്തികമാക്കുന്നത്. മാവേലിക്കര ജില്ലാ കൃഷിതോട്ടത്തിലെ ഭൂമി നെൽകൃഷിക്ക് അനുയോജ്യമല്ല. അവിടെ ഈ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലില്ല. |
| സി) ഏറ്റവുമധികം പച്ചക്കറി കൃഷി ചെയ്യുന്ന പ്രദേശമെന്ന നിലയിൽ അവിടെ ഒരു പൊതുവിപണന കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) കർഷക വിപണി ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ